

# Govt.L.P.S

# VETTIKAVALA

## Academic Masterplan

## 2025-2026

# വിദ്യാലയ വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ. എൽ. പി. എസ്
വെട്ടിക്കവല.

സ്കൂൾ കോഡ് : 39217

വിലാസം : വെട്ടിക്കവല, വെട്ടിക്കവല
P.O. 691538, കൊല്ലം

വിദ്യാഭ്യാസ ഉപജില്ല : കൊട്ടാരക്കര

വിദ്യാഭ്യാസ ജില്ല : കൊട്ടാരക്കര

റവന്യൂ ജില്ല : കൊല്ലം.

ബി. ആർ. സി : കൊട്ടാരക്കര

ബ്ലോക്ക് പഞ്ചായത്ത് : വെട്ടിക്കവല

ഗ്രാമ പഞ്ചായത്ത് : വെട്ടിക്കവല

ഇ-മെയിൽ : glpsvtkla@gmail.com.

# ആമുഖം

നവകേരളത്തിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ സർക്കാർ-എയിഡഡ് വിദ്യാലയങ്ങളിലേയും ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ പദ്ധതി രൂപീകരണം നടക്കുകയാണ്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയായിരിക്കണം വിദ്യാലയവികസന പദ്ധതിക്ക് രൂപം നൽകേണ്ടത്. ശാസ്ത്ര സാങ്കേതിക വിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അന്തർദേശീയ നിലവാരത്തിൽ കേരളത്തിലെ എല്ലാ കുട്ടികളേയും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ബഹുജന പങ്കാളിത്തത്തോടുകൂടി ഓരോ സ്കൂളും നവീകരിക്കുക എന്നതാണ് കേരള സർക്കാരിന്റെ പൊതുസംരക്ഷണ യജ്ഞം ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യം നവീകരിക്കുന്നതിനായി പി.ടി.എ., എസ്. എം. സി., എം. പി. ടി. എ., പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ കൂട്ടായപ്രവർത്തനത്തിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ.

അറിവിന്റെ ഈറ്റില്ലമായി വെട്ടിക്കവലയുടെ ഹൃദയഭാഗത്തുസ്ഥിതിചെയ്യുന്ന ഈ സരസ്വതീക്ഷേത്രം 1918 ലാണ് സ്ഥാപിച്ചത്. ശ്രീമൂലം തിരുന്നാൾ മഹാരാജാവിന്റെ ഭരണകാലത്ത് അദ്ദേഹത്തിന്റെ സർവ്വാധികാര്യക്കാരനും മിത്രവുമായ ശ്രീശങ്കരൻ തമ്പിയുടെ സവിശേഷശ്രമഫലമാണ് ഈ പൊതുവിദ്യാലയം ഇവിടെ സ്ഥാപിതമായത്. ഒരു കാലത്ത് നാടിന്റെ അറിവിന്റെ വെളിച്ചമായിരുന്ന ഈ സ്കൂൾ സമൂഹത്തിന്റെ നാനാതുറകളിലും പ്രഗത്ഭരായ വ്യക്തികളെ കാഴ്ചവച്ചിട്ടുണ്ട്. കുട്ടികളുടെ ആധിക്യവും കെട്ടിടങ്ങളുടെ അപര്യാപ്തതയും മൂലം സമീപകാലത്ത്വരെ ഇവിടെ ഷിഫ്റ്റ് സമ്പ്രദായംവരെ നിലനിന്നിരുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം ഈ വിദ്യാലയത്തിലേക്കുള്ള കുട്ടികളുടെ ഒഴുക്കിനെ സാരമായി ബാധിച്ചു.

2015 -ൽ പ്രീപ്രൈമറിയും ഇംഗ്ലീഷ് മീഡിയവും തുടങ്ങിയതിനുശേഷം കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി. നിലവിൽ 134 വിദ്യാർത്ഥികളും 7 അധ്യാപകരും ഒരു PTCM ഉം ആണ് ഇവിടെയുള്ളത്. പ്രീപ്രൈമറിക്ക് ഗവൺമെന്റിൽനിന്നുള്ള അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ PTA യുടെ സഹകരണത്തോടെ ഒരു ടീച്ചറും ആയയും ഇവിടെ ജോലിചെയ്യുന്നു. 95% കുട്ടികളും A ഗ്രേഡ് നിലവാരം പുലർത്തുന്നു. സബ്ജില്ലാതല കലാ- കായിക പ്രവർത്തിപരിചയമേളകളിൽ ഈ സ്കൂളിലെ കുട്ടികൾ ഒന്നും രണ്ടും സ്ഥാനങ്ങൾ മത്സരിച്ച ഇനങ്ങളിൽ കരസ്ഥമാക്കി തിളക്കമാർന്ന വിജയമാണ് കാഴ്ച വച്ചിട്ടുള്ളത്.

# ലഘുചരിത്രം

ശ്രീമൂലം തിരുന്നാൾ മഹാരാജാവിന്റെ ഭരണകാലത്ത് തിരുമനസ്സ് വെട്ടിക്കവല മഹാക്ഷേത്രത്തിൽ സന്ദർശിച്ചു. അദ്ദേഹത്തിന്റെ സർവ്വാധികാര്യക്കാരനും വെട്ടിക്കവലയുടെ മിത്രവുമായ ശ്രീ ശങ്കരൻതമ്പിയുടെ സവിശേഷ ശ്രദ്ധയുടെ ഫലമാണ് ഏഴാം ക്ലാസുവരെയുള്ള പൊതു വിദ്യാലയം 1918 ൽ വെട്ടിക്കവലയിൽ സ്ഥാപിതമായത് വിദ്യാലയത്തിനാവശ്യമായ ഒരേക്കർ സ്ഥലം സംഭാവനയായി നൽകിയത് വൈദ്യകുടുംബത്തിലെ പ്രമുഖനായ ശ്രീ ശങ്കരൻ വൈദ്യനായിരുന്നു.

1948 ൽ ഇത് ഒരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു. അതിന്റെ ഉദ്ഘാടനം ശ്രീശങ്കരൻ തമ്പിയുടെ ഭാഗിനേയി ആയ ശങ്കരമംഗലത്തെ ശ്രീമതി ചെല്ലമ്മ പിള്ളയാണ് നിർവ്വഹിച്ചത്. കുട്ടികളുടെ ബാഹുല്യം നിമിത്തം 1962 ൽ എൽ. പി. വേർതിരിച്ച് പ്രത്യേകം ഹെഡ്മാസ്റ്ററുടെ ചുമതലയിലാക്കി. വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയുടെ അടിസ്ഥാനം ഈ വിദ്യാലയമാണ്.

2004 - ൽ പുതുതായി രണ്ടുമുറിക്ക് ഒരു കോൺക്രീറ്റ് കെട്ടിടംകൂടി ഈ സ്കൂളിനോട് അനുബന്ധിച്ച് നിർമ്മിക്കപ്പെട്ടു. കുട്ടികളുടെ പാർക്ക് അനുവദിക്കപ്പെട്ടു. കുട്ടികളുടെ പഠനമികവിനായി കമ്പ്യൂട്ടർ ലാപ്ടോപ്, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ലഭിച്ചു.

പ്രശസ്തരായ നിരവധി വിദ്യാർത്ഥികളെ സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു. കലാ - കായിക - ശാസ്ത്ര ഗണിത ശാസ്ത്ര മേളകളിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ ഇവിടുത്തെ കുരുന്നുകൾക്ക് കഴിഞ്ഞിട്ടുണ്ട്. സാമൂഹിക - സാംസ്കാരിക മേഖല

കളിൽ സമുന്നതരായ വ്യക്തികളെ വാർത്തെടുക്കാൻ ഈ സരസ്വതി ക്ഷേത്രത്തിന് കഴിഞ്ഞിട്ടുണ്ട്.

ഭൗതികമായിവളരെയേറെ പരിമിതികൾ ഈ സ്കൂളിനനുഭവപ്പെടുന്നുണ്ട്. കളിസ്ഥലം, ചുറ്റുമതിൽ ആകർഷകമായ കെട്ടിടങ്ങൾ മതിയായ ICT സാദ്ധ്യതകളോ നാളിതുവരെ ഈ സ്കൂളിന് ലഭിച്ചിട്ടില്ല.

സാമൂഹിക സഹകരണങ്ങളുടെയും സന്നദ്ധ സംഘടനകളുടേയും സേവനം ഈ വിദ്യാലയത്തിന് ലഭ്യമാണെങ്കിലും പരിമിതികൾ പൂർണ്ണമായും മറികടക്കാൻ ഇത് പര്യാപ്തമല്ല.

# പൊതു ലക്ഷ്യങ്ങൾ

- മുഴുവനും കുട്ടികാരെയും വായനയിൽ താൽപര്യമുള്ളവരാക്കി മാറ്റുക.
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
- കുട്ടിയെ മികച്ച എഴുത്തികാരനാക്കുക.
- എല്ലാവരും എഴുതണം എല്ലാവരും വായിക്കണം
- വായനാ അവസരങ്ങൾ സൃഷ്ടിക്കുക
- വായനയിൽ നിന്ന് രചനയിലേയ്ക്ക്
- കുട്ടികളുടെ പുസ്തകങ്ങളെ കുട്ടികളുടെ വായന സാമഗ്രികളാക്കുക.
- കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക
- കൂടുതൽ അറിയുവാനും ചിന്തിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക.
- വായനയിലൂടെ കുട്ടിയുടെ പഠന നിലവാരം മെച്ചപ്പെടുത്തുക.
- എല്ലാ ക്ലാസിലെയും എല്ലാ കുട്ടികളും ഭാഷാപഠനത്തിൽ കൈവരിക്കേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- സർഗാത്മക രചനയ്ക്ക് പരമാവധി അവസരങ്ങൾ നൽകുക.
- കുട്ടികളുടെ ചിന്തകൾക്ക് അച്ചടിമഷി പുരട്ടി എഴുത്തുകാരൻ, പുസ്തക രചയിതാവ്, പ്രസാധകൻ എന്ന നിലയിലേയ്ക്ക് ഉയർത്തി ആത്മവിശ്വാസം വർദ്ധിപ്പിക്കുക.
- ഇംഗ്ലീഷ് പഠന പരിപോഷണം
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ചപ്പാട്

മുൻ വർഷങ്ങളിലെ പ്രവർത്തനങ്ങൾക്കൊപ്പം ഓരോ മേഖലയിലും (അക്കാദമികം, ഭൗതീകം, സാമൂഹികം) പുതിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

## അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം/ഗണിതലാബ്
- ഇംഗ്ലീഷ് പഠന പോഷണം
- ശാസ്ത്രപോഷണ പരിപാടി
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാ പോഷണ പരിപാടി
- ജൈവ വൈവിധ്യ പാർക്ക്
- സാഹിത്യപോഷണ പരിപാടികൾ
- ശാസ്ത്രാഭിരുചിവളർത്തൽ
- രചനാ ശില്പശാല
- മെഡിക്കൽ ക്യാമ്പ്
- അഭിമുഖങ്ങൾ

## ഭൗതീകം

- ചുറ്റുമതിൽ,ഗേറ്റ്
- കളിസ്ഥലം
- ചിൽഡ്രൻസ് പാർക്ക്
- സ്റ്റാഫ് മുറി
- വിശ്രമമുറി
- കമ്പ്യൂട്ടർ റൂം
- മൾട്ടി മീഡിയ റൂം
- ലൈബ്രറി
- അടുക്കള
- ഡൈനിംഗ് ഹാൾ
- അസംബ്ലി ഹാൾ
- കുടിവെള്ള വിതരണം

## അക്കാദമികം

- സ്കൂൾ പത്രം/മാസിക
- പ്രവൃത്തി പരിചയപഠനം
- ഐ. ടി. പരിശീലനം
- കലാകായിക മേള
- പി. റ്റി. എ. സജീവമാക്കൽ
- പ്രീ പ്രൈമറി ശാക്തീകരണം
- ദിനാചരണം
- കായിക പഠനം
- ലാബ്
- പഠനയാത്രകൾ
- ഒന്നാം ക്ലാസ് ഒന്നാംതരം
- എസ്. ആർ. ജി. ശാക്തീകരണം
- ബ്ലോഗ്
- ടാലന്റ് ലാബ്

## ഭൗതീകം

- മാലിന്യ സംസ്കരണം
- ടോയ്‌ലറ്റ്
- ലബോറട്ടറി
- ബാല

# സാമൂഹികം

- പി. ടി. എ. ശക്തിപ്പെടുത്തൽ
- എസ്.എം.സി. കാര്യക്ഷമമാക്കൽ
- വിദ്യാലയ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- എൽ. എസ്. ജി. ബന്ധം
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ,സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ
- എസ്. എം. സി. കാര്യക്ഷമമാക്കൽ
- ക്ലാസ് പി. ടി. എ. മാതൃകപരമാക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ

# ഭൗതീകം

- ചുറ്റുമതിലോടുകൂടിയ ഹൈടെക് ബിൽഡിംഗുകളും ക്ലാസ് റൂമുകളും
- മൽട്ടീമീഡിയ ക്ലാസ് റൂമുകൾ ഒരുക്കുക
- ആധുനിക പാചകപുരകളും മെസ് ഹാളും
- വിശാലമായ കളിസ്ഥലം, ഔഷധതോട്ടം
- പച്ചക്കറിത്തോട്ടം, വായനാവീട്, പാർക്ക്, അഡാപ്റ്റഡ്, ടോയ്‌ലെറ്റുകൾ, ഇരിപ്പിടങ്ങൾ, ഈ -ടോയ്‌ലെറ്റുകൾ മറ്റ് ആധുനിക സജ്ജീകരണങ്ങൾ

# മോണിറ്ററിംഗ് രീതി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റ ഭാഗമായി ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വിവിധ തരത്തിലുള്ള മോണിറ്ററിംഗ് ആവശ്യമാണ്. വിദ്യാഭ്യാസ വകുപ്പിന്റേയും DD, AEO, DPO, BRC, DRG എന്നീ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂളിന്റെ വികസനത്തിന് ആവശ്യമാണ്. PTA, MPTA പഞ്ചായത്ത് ബ്ലോക്ക് തലത്തിലുള്ള മോണറ്ററിംഗ് വിദ്യാലയത്തിന്റെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അനിവാര്യമാണ്.

HM, SRG തലത്തിലുള്ള ദിനംപ്രതി മോണിറ്ററിംഗ് സ്കൂളിന്റെ അക്കാദമിക മികവ് മെച്ചപ്പെടുത്തുന്നതിന് സഹായകരമാണ്. ഇങ്ങനെ സ്കൂളിനെ മികവിന്റെ പാതയിലേക്ക് നയിക്കാൻ കഴിയും.

# പ്രതീക്ഷിത നേട്ടങ്ങൾ

- അക്കാദമിക ശോഭയുള്ള വേറിട്ട വിദ്യാലയത്തെ സൃഷ്ടിക്കൽ
- പാഠ്യപദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുക.
- ക്ലാസുകളെ/വിദ്യാലയങ്ങളെ ജനാധിപത്യവത്ക്കരിക്കൽ
- ക്ലീൻ സ്കൂൾ ആശയം നടപ്പിലാക്കൽ
- വായനാകോർണർ,വായനാ പ്രവർത്തനം എന്നിവ സജീവമാക്കൽ
- സർഗ്ഗാത്മക പ്രകടനത്തിന് അവസരമൊരുക്കുക.
- വിദ്യാലയത്തിലെ മാധ്യമ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുക.
- ഐ. ടി. അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കുക.
- പ്രാദേശിക വിദഗ്ധരെ ഉൾപ്പെടുത്തി കുട്ടികളുടെ പഠനനിലവാരം ഉയർത്തുക
- പൂർവ്വ വിദ്യാർത്ഥികളുടെ പ്രാദേശിക കൂട്ടായ്മയിൽ നിന്ന് അകമൊഴിഞ്ഞ സഹായം
- വിദ്യാലയങ്ങളെ സമൂഹവുമായി ബന്ധിപ്പിക്കൽ








മരം ഒരു വരം
SAVE EARTH





കുഞ്ഞൂണ്.
ആഘോഷിക്കൂ .. നമ്മുടെ കുരുന്നുകൾക്കൊപ്പം
HAPPY
Birthday
Sreekesh R
ിയരേ,
ങ്ങളുടെ ജീവിതത്തിലെ പിറന്നാൾ, വിവാഹ വാർഷികം
ുടങ്ങിയ സന്തോഷ ദിനങ്ങളിൽ സ്കൂളിലെ ഭക്ഷണ
ാലയിലേക്കുള്ള ഭക്ഷ്യ സാധനങ്ങൾ നൽകി
ഘോഷിക്കൂ ...
ഗവ. എൽ പി സ്കൂൾ
വെട്ടിക്കവല






OFFICE






OFFICE


OFFICE









# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയെലെത്തിക്കുന്നതിന്റെ മുന്നോടി യായി ജി. എൽ. പി. എസ്. വെട്ടിക്കവലയിൽ ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതിരൂപീകരണം നടന്നു. ഇതിന്റെ ഭാഗമായി അക്കാദ മികം, ഭൗതീകം, സാമൂഹിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുവേണ്ട കർമ്മ പരിപാടി കൾ SRG, PTA എക്സിക്യൂട്ടീവിൽ രൂപീകരിച്ചു. ദീർഘകാല കാഴ്ചപാട് അതിന്റെ ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നതിനുള്ള പദ്ധതി വിശദാംശങ്ങളും ഉൾപ്പെടുത്തി വിദ്യാലയ വിക സനരേഖയുടെ കരട് SRG യോഗത്തിൽ തയ്യാറാക്കി. തുടർന്ന് പ്രവർത്തനങ്ങൾ പൂർണ്ണ മായി നടപ്പിലാക്കി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാദേശികവും അല്ലാതെയുള്ളതുമായ വിഭവങ്ങളെ ഉപയോഗപ്പെടുത്തിയെടുക്കാൻ ദൈവ ത്തിന്റെ അനുഗ്രഹം ഉണ്ടാകുമെന്ന് വിശ്വസിച്ചുകൊണ്ട് പ്രവർത്തന പദ്ധതി ഇവിടെ ഉപ സംഹരിക്കുന്നു.